## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2379 05.02.2018-ലെ മറുപടിയ്ക്ക്

## കായികമേഖലയുടെ സമഗ്ര വികസനത്തിനുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, ജോർജ് എം. തോമസ്<br>,, പി. ഉണ്ണി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കായികമേഖലയുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കായിക മേഖലയുടെ സമഗ്രവികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.<br>**1) പ്ലേ ഫോർ ഹെൽത്ത്.**<br>1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ 25 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>**2) ഫുട്ബോൾ പരിശീലന പദ്ധതി**<br>നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച |

| | | | |
|---|---|---|---|
| | | | ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനും അതുവഴി സംസ്ഥാനത്തെ ഫുട്ബോളിന്റെ സമഗ്ര വികസനത്തിന് അടിത്തറയിടുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.<br>**3) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**<br>2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി അത് ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ് ലിങ്, ബാഡ്മിന്റൺ (ഷട്ടിൽ), കാനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി "ഈ കായിക ഇനങ്ങളിലായി ഏകദേശം 225 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.<br>4) **പഞ്ചായത്തിൽ ഒരു സ്റ്റേഡിയം**<br>2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച 'പഞ്ചായത്തിൽ ഒരു സ്റ്റേഡിയം' എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം ഏറ്റെടുത്തിരുന്നു. ഇവയിൽ 19 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 11 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും കിഫ്ബി അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തി 14 ജില്ലകളിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

<table>
<tr>
<td>(ബി)</td>
<td>കായികമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അംഗീകാരം നൽകിയ നാൽപ്പത്തിഏഴ് കോടി രൂപയുടെ പദ്ധതിയിൽപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;</td>
<td>(ബി)</td>
<td>കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ 7,00,00,000/- രൂപയാണ് 2204-00-104-45-Sports Infrastructure Facilties (P) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.
<table>
<tr><th>ക്രമ നം</th><th>പ്രവൃത്തിയുടെ പേര്</th><th>ഭരണാനുമതി തുക (രൂപയിൽ)</th></tr>
<tr><td>1</td><td>Upgradation and renovation of filtration plant of swimming pool at Thrissur Aquatic Complex</td><td>2,93,70,000/-</td></tr>
<tr><td>2</td><td>Construction of natural football turf, retaining wall, compound wall, masonry gallery and land development works at GHSS, Kunnamkulam, Thrissur</td><td>5,09,80,000/-</td></tr>
<tr><td>3</td><td>Electrical, Plumbing and maintenance works at Raja Kesavadas Swimming Pool, Alappuzha</td><td>2,92,146/-</td></tr>
<tr><td>4</td><td>Maintenance of existing structure and additional works (Civil) at Raja Kesavadas Swimming Pool, Alappuzha</td><td>12,65,000/-</td></tr>
<tr><td>5</td><td>Upgradation of Thrissur Aquatic Complex and renovation phase-I New work</td><td>1,15,20,000/-</td></tr>
</table>
</td>
</tr>
</table>

| | | | |
|---|---|---|---|
| (സി) | വിദ്യാഭ്യാസവകുപ്പിൽ നിന്ന് കായിക വകുപ്പ് ഏറ്റെടുത്ത സ്പോർട്സ് സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗവ.ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, ഗവ.ജി.വി.എച്ച്.എസ്. എസ്(സ്പോർട്സ്), കണ്ണൂർ എന്നിവയുടെ ഭരണ നിയന്ത്രണ ചുമതല കായിക വകുപ്പ് ഏറ്റെടുത്തിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർ ദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ കഴിയും വിധം ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന്റെ ഭാഗമായി മികച്ച കായിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കൂടുതൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. രണ്ട് സ്കൂളുകളിലെയും ഹോസ്റ്റലുകൾ, അടുക്കള, ടോയ് ലെറ്റ്, എന്നിവയുടെ നവീകരണം, കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡെസ്ക്, കട്ടിലുകൾ, കിടക്ക മുതലായ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്.<br>ഈ സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇന്റർ ആക്ടീവ് ക്ലാസ്സ് റൂം ഒരുക്കുന്നതിലുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം, സി.സി.ടി.വി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.<br><br>കായിക പരിശീലകരുടെ കുറവ് നികത്തുന്നതിനായി ഓരോ കായിക ഇനത്തിലും ആവശ്യമായ പരിശീലകരെ നിയമിക്കുന്നത് സർക്കാർ പരിശോധിച്ചു വരികയാണ്. കൂടാതെ ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ 2 ബാസ്കറ്റ് ബോൾ കോർട്ട്, ഇൻഡോർ ഹാൾ, ഹോക്കി കോർട്ട്, വോളിബോൾ കോർട്ട് എന്നിവയുടെ നവീകരണം നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ഖേലോ ഇന്ത്യ'യിൽ ഉൾപ്പെടുത്തുന്നതിനായി ഏതെല്ലാം പദ്ധതികളാണ് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | 1) തൃശ്ശൂർ ജില്ലയിൽ കുന്നംകുളം ജി.എച്ച്.എസ്.എസ്-ൽ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണം,<br>2) എറണാകുളം ജില്ലയിൽ ആലുവ, യു.സി.കോളേജിൽ സിന്തറ്റിക് ഹോക്കി ഫീൽഡ് നിർമ്മാണം.,<br>3) തിരുവനന്തപുരം ജില്ലയിൽ കാര്യവട്ടം ഗ്രീൻഫീൽഡ് ക്യാമ്പസിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം,<br>4) കണ്ണൂർ ജില്ലയിൽ പരിയാരം മെഡിക്കൽ കോളേജിൽ 400 മീറ്റർ സിന്തറ്റിക് അത് ലറ്റിക് ട്രാക്ക് നിർമ്മാണം. |

**സെക്ഷൻ ഓഫീസർ**